നം.ക്യൂ.ഐ.പി(1)/9141/20/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 04/06/2020.

## ക്ലാസ് ചലഞ്ച്

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്തതിനാൽ വിക്ടേഴ്സ് ചാനലിലൂടെയുള്ള ക്ലാസ്സുകളുടെ സംപ്രേഷണം 2020 ജൂൺ ഒന്ന് മുതൽ ആരംഭിച്ചിരിക്കുകയാണല്ലോ. മികച്ച സ്വീകാര്യതയാണ് ക്ലാസ്സുകൾക്ക് ലഭിച്ചുവരുന്നത്. ലോക്ഡൗൺ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ പരിമിതമായ മനുഷ്യവിഭവശേഷി മാത്രമേ വീഡിയോ പാഠങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. എന്നാൽ മികച്ച രീതിയിൽ ക്ലാസ്സുകൾ എടുക്കുന്നതിന് കഴിവുള്ള പല അധ്യാപകരും തത്പരരായി മുന്നോട്ടു വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവരെ കൂടി പരിഗണിക്കുന്നതിനായി ക്ലാസ്സ് ചലഞ്ച് എന്ന പേരിൽ ഒരു ഉദ്യമം ആരംഭിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഗവൺമെന്റ്, എയ്ഡഡ് സ്കൂൾ അധ്യാപകർ, ടിടിഐ ഡയറ്റ് അധ്യാപകർ, സമഗ്ര ശിക്ഷയ്ക്ക് കീഴിൽ വരുന്ന അധ്യാപകർ എന്നിവർക്ക് 3 മുതൽ 5 മിനിട്ട് വരുന്ന തങ്ങളുടെ ഒരു വീഡിയോ പാഠം റെക്കോർഡ് ചെയ്ത് പ്രസ്തുത വീഡിയോ **8547869946** എന്ന വാട്ട്സ് ആപ്പ് നമ്പറിലേയ്ക്കോ, classchallenge.dge@gmail.com എന്ന മെയിൽ വിലാസത്തിലോ അയയ്ക്കുക. ക്ലാസ്സെടുക്കുന്ന അധ്യാപികയുടേയും സ്കൂളിന്റെയും പേര്, ക്ലാസ്സ്, വിഷയം എന്നിവയും രേഖപ്പെടുത്തേണ്ടതാണ്.

DIRECTORATE OF GENERAL EDUCATION
Jagathy, Thiruvananthapuram-14

പൊതുവിദ്യാഭ്യാസ ഡയറക്ടർ